ഉത്തരം

(എ) (ബി) ഉണ്ട്. സ്വകാര്യമേഖലയൊഴികെയുള്ള എല്ലാ നിയമനങ്ങൾക്കും നിയമാനുസൃത സംവരണ തത്വം പൂർണ്ണമായി പാലിച്ചു വരുന്നു.

(സി) ഉണ്ട്. ഓരോ സംവരണ വിഭാഗത്തിനും സംവരണം ചെയ്ത ഒഴിവിലേയ്ക്ക് പ്രസ്തുത സമുദായത്തിലുള്ളവരുടെ ലിസ്റ്റ് മാത്രമാണ് നൽകിവരുന്നത്. പ്രസ്തുത ഒഴിവുകൾ ടി ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികളാൽ മാത്രമേ നികത്താവൂ എന്ന് വ്യവസ്ഥയുണ്ട്.

(ഡി) അപൂർവ്വം ചില കേസുകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. അതിനെതുടർന്ന് പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനാധികാരികളോട് വിശദീകരണം ചോദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, തുടർന്നുവരുന്ന നിയമനങ്ങളിൽ സംവരണം നഷ്ടപ്പെട്ട സമുദായത്തിന്റെ സംവരണ നഷ്ടം നികത്തുന്നതിന് ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിലവിൽ വ്യക്തവും കർശനവുമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കർശനമായും പാലിക്കുന്നുമുണ്ട്.

കൊണ്ടോട്ടിയിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കാൻ നടപടി

64 [2101] ശ്രീ. കെ.എൻ.എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടിയിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കൊണ്ടോട്ടിയിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ഇ.എസ്.ഐ. ആശുപത്രികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

65 [2102] ശ്രീ. എ. കെ. ബാലൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ. എസ്.ഐ. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഇല്ലാത്തതിനാൽ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ചികിത്സതേടി മറ്റു ആശുപത്രികളിൽ പോകേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഇല്ലെന്നുള്ള അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായി പബ്ലിക് സർവീസ് കമ്മീഷൻ ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്തുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തികവർഷം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ 5,44,14,000 രൂപ വിവിധ ഡിസ്പെൻസറികൾ വഴി നൽകിയിട്ടുണ്ട്. 1,000 രൂപയ്ക്കുമേൽ വരുന്ന റീ-ഇംപേഴ്സ്മെന്റ് ക്ലെയിമുകൾക്ക് റീജിയണൽ ഡയറക്ടർ, സർക്കാർ എന്നീ തലങ്ങളിൽ അനുമതി നൽകേണ്ടതിനാലും, മുൻകുടിശ്ശിക തീർപ്പാക്കാൻ ഉണ്ടായിരുന്നതിനാലും, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് ഭരണപരമായ കാലതാമസം ഉണ്ടാകുന്നുണ്ട്. 1,000 രൂപയ്ക്കുതാഴെയുള്ള ഏകദേശം. എല്ലാ ക്ലെമുകളും തീർപ്പാക്കിയിട്ടുണ്ട്.

(ഡി) മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ആശുപത്രികളിലെയും ക്ലിനിക്കുകളിലെയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

66 [2103] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും എത്ര ഡോക്ടർമാരും ജീവനക്കാരും ജോലിചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ജീവനക്കാരുടെ മിനിമം വേതന നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുണ്ടായിരുന്ന നിരക്കും പുതിയ നിരക്കും ഓരോ വിഭാഗത്തിനും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യോഗ്യതകൾ ഉറപ്പുവരുത്താനും, അവരുടെ സേവന വേതന വ്യവസ്ഥകൾ കാലികമാണെന്ന് ഉറപ്പുവരുത്താനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly